**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2213** **11-10-2021 - ൽ മറുപടിയ്ക്ക്**

**ലീസ് ഭൂമിയിൽ നിന്നുമുള്ള പാറ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലീസ് ഭൂമിയിൽ നിന്നും പാറ ഖനനം ചെയ്യുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; | (എ) | ലൈസൻസ് ലഭിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, സ്വകാര്യ ഭൂമിയാണെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ്, റവന്യൂ ഭൂമിയാണെങ്കിൽ കേരള ലാന്റ് കൺസർവേഷൻ ആക്ട് 1957 പ്രകാരമുള്ള അനുമതി, PESO (Pertroleum & Explosive Safety Organization) യുടെ അനുമതി, പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി പത്രം, ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും, അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ SEIAA (State Environment Impact Assessment Authority) യുടെ അനുമതി, അഞ്ച് ഹെക്ടർ മുതലുള്ള ഭൂമിയാണെങ്കിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, റവന്യൂ വകുപ്പിൽ നിന്നോ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ പക്കൽ നിന്നോ ലഭിച്ച അനുമതി, ജില്ലാ കളക്ടറുടെ ഉത്തരവ്, ലീസ് ഭൂമിയുടെ ഉടമസ്ഥന്റെ സമ്മതപത്രം മുതലായവയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്താണ് ലൈസൻസ് അനുവദിക്കുന്നത്. |
| (ബി) | പാറ ഖനനം ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന റോഡ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് നിർമ്മിച്ചതാണെങ്കിൽ ലൈസൻസ് നൽകുവാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പാറ ഖനനം ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന റോഡിനെ സംബന്ധിച്ച് 2015-ലെ KMMC ചട്ടങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതാണ്. പാറ ഖനനം ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന റോഡ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് നിർമ്മിച്ചതാണെങ്കിൽ നിയമലംഘനം പരിശോധിച്ച് പ്രസ്തുത ഭൂമി പൂർവ്വ |

| | | | |
|---|---|---|---|
| | | | സ്ഥിതിയിലാക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ലീസ് ഭൂമിയിലെ ഖനന സ്ഥലത്തേക്ക് പോകുന്ന റോഡ് ഭൂവുടമയുടെ അറിവോ സമ്മതമോ ഇല്ലാതെ നിർമ്മിച്ചതാണെങ്കിൽ ലൈസൻസ് റദ്ദാക്കാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ലീസ് ഭൂമിയിലെ ഖനന സ്ഥലത്തേയ്ക്ക് പോകുന്ന റോഡ് ഭൂവുടമയുടെ അറിവോ സമ്മതമോ ഇല്ലാതെയാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ ഭൂവുടമയുടെ പരാതിയിൽ നിയമാനുസൃത നടപടി സ്വീകരിക്കാവുന്നതാണ്. പാറ ഖനനത്തിന് ലൈസൻസിന് അപേക്ഷിക്കുമ്പോൾ ലൈസൻസ് അനുവദിക്കുന്നതിന് മുമ്പായി നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പാറ ഖനനം നടത്തുന്ന സ്ഥലത്തേയ്ക്കുള്ള യാത്രാ സൗകര്യം പാലിച്ചിട്ടില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത സ്ഥലത്തെ പാറ ഖനനത്തിനുള്ള ലൈസൻസ് റദ്ദാക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ